കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 11 | ലക്കം 3 | മേയ് 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

3 'കരുതലും കൈത്താങ്ങും' ജില്ലാ തല മോണിറ്ററിങ് സമിതി രൂപീകരിക്കും: ബഹു. മന്ത്രി ശ്രീ. പി.പ്രസാദ്

5 വെള്ളായണി കാർഷിക കോളേജിൽ ജൈവവള പരിശോധനയ്ക്കായി പുതിയ ലബോറട്ടറി

7 'പച്ചക്കറി പുഷ്പകൃഷിയുടെ മികവിന്റെ കേന്ദ്രം' കാർഷിക വികസനത്തിൽ മുതൽക്കൂട്ടാകും ബഹു. മന്ത്രി ശ്രീ. പി. പ്രസാദ്

# ജനങ്ങൾക്ക് ആശ്വാസമായി 'കരുതലും കൈത്താങ്ങും




സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് കണ്ണൂർ ജില്ലാ താലൂക്കുതല പരാതി പരിഹാര അദാലത്തിനു "കരുതലും കൈത്താങ്ങും " തുടക്കം കുറിച്ചു. ഏപ്രിൽ 30ന് ബഹു. മുഖ്യമന്ത്രി സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് "കരുതലും കൈത്താങ്ങും" എന്ന പേരിൽ ആരംഭിച്ച അദാലത്തിന്റെ ജില്ലാ തല പ്രവർത്തനത്തിന് കണ്ണൂർ ജില്ലയിൽ തുടക്കം കുറിക്കുകയായിരുന്നു.

കണ്ണൂർ മുൻസിപ്പൽ ഹൈസ്കൂളിൽ വെച്ച് കണ്ണൂർ എം.എൽ.എ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന അദാലത്ത് ദേവസ്വം-പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി ശ്രീ. കെ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് പരിപാടിയിൽ പങ്കെടുത്തു.

ജനങ്ങളെ ബാധിക്കുന്ന കാതലായ പ്രശ്നങ്ങൾ ജനങ്ങളുമായി നേരിട്ട് ഇടപെട്ടുകൊണ്ട് ഉടൻ പരിഹാരം കാണുക എന്നതാണ് അദാലത്തിന്റെ ലക്ഷ്യം. ഏപ്രിൽ 15 വരെ ലഭിച്ചത് 815 പരാതികളാണ് അതിൽ 430 പരാതികളും പരിഹരിച്ചു കഴിഞ്ഞു. ബാക്കിയുള്ളവ പരിഹരിക്കുന്നതിനായുള്ള ശ്രമം മന്ത്രിമാരുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ പരാതികൾക്കും ഉടൻതന്നെ പരിഹാരം കാണുമെന്ന് മന്ത്രി ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു.

സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് നേരിട്ട് എത്തി പരിഹാരം കാണുന്ന ഒരു ബൃഹത് ഉദ്യമത്തിനാണ് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. ഓരോ പ്രശ്നങ്ങളിലും ക്രിയാത്മകമായി സർക്കാർ ഇടപെട്ടുകൊണ്ട് പരിഹാരം കാണുകയാണ് ചെയ്യുന്നതെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ് അഭിപ്രായപ്പെട്ടു.

കണ്ണൂർ മുൻസിപ്പൽ ഹൈസ്കൂളിൽ വച്ച് നടന്ന അദാലത്തിൽ കണ്ണൂർ ജില്ലാ കലക്ടർ ശ്രീ. ചന്ദ്രശേഖർ എസ് സ്വാഗതം പറഞ്ഞു. കണ്ണൂർ മേയർ ശ്രീ. ടി. ഒ.മോഹനൻ, കല്യാശ്ശേരി എം.എൽ.എ ശ്രീ. എം.വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. പി. പി ദിവ്യ എന്നിവർ ആശംസകൾ അറിയിച്ചു. കണ്ണൂർ തഹസിൽദാർ ശ്രീ. സുരേഷ് ചന്ദ്രബോസ് നന്ദി പറഞ്ഞു.

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

# കേരളത്തിൽ കൃഷിക്കൂട്ടങ്ങളുടെ ആവിർഭാവം പുതിയൊരു കാർഷിക സംസ്കൃതി സൃഷ്ടിക്കും ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ

ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെട്ട കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ ഒരു പുതിയ കാർഷിക സംസ്കാരം സൃഷ്ടിച്ചിരിക്കുകയാണ് എന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ.



കേരള സർക്കാരിന്റെ മൂന്നാം നൂറുദിന പദ്ധതികളുടെ ഭാഗമായി AIMS പോർട്ടൽ മുഖേന 20000 കൃഷിക്കൂട്ടങ്ങളുടെ പഞ്ചായത്തുതല രജിസ്ട്രേഷന് പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനവും മൂല്യവർദ്ധനമേഖലയിലെ 1000 കൃഷിക്കൂട്ടങ്ങളുടേയും സേവനമേഖലയിലെ 200 യന്ത്രവല്കൃത കൃഷിക്കൂട്ടങ്ങളുടേയും സംസ്ഥാനതല പ്രവർത്തന ഉൽഘാടനം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഷിഫ കൺവെൻഷൻ സെന്ററിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പഴം പച്ചക്കറി മേഖലയിൽ കേരളം സ്വയം പര്യാപ്തതയിലേക്ക് നീങ്ങുകയാണ്. ചെറു ധാന്യങ്ങളുടെ കൃഷിയിലും ഗണ്യമായ ഉൽപാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.വില സ്ഥിരത ഫണ്ട് 600 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കാർഷിക ഉൽപന്നങ്ങളെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി വിപണനം ചെയ്യുന്നതിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇത് കർഷകന് മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാൻ സഹായകമാകും. ശാസ്ത്രീയമായ കൃഷിരീതിയും കാർഷിക ഉത്പന്ന ശേഖരണവും, സംസ്കരണവും വ്യാവസായിക പ്രാധാന്യമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും സമയബന്ധിതമായി നടപ്പാക്കുകയും വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ വഴി വിപണിയിൽ എത്തിക്കുകയും ചെയ്യുന്നത് കർഷകർക്ക് ഏറെ ഗുണം ചെയ്യും.കൃഷി വകുപ്പിന് പുറമേ 11 മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ സേവനവും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ കൂട്ടായ പരിശ്രമവും നവീന കൃഷി രീതികളും ഉത്പാദന വർദ്ധനവ് യാഥാർത്ഥ്യമാക്കി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്നിവ കാർഷികരംഗത്ത് വൻ മാറ്റങ്ങൾ സൃഷ്ടിക്കുകയാണ്. ഇതനുസരിച്ച് കർഷക സമൂഹം മാറേണ്ടതുണ്ട്. പുതിയ കാലത്തിന്റെ താൽപര്യത്തിന് അനുസരിച്ച് മൂല്യ വർധിത ഉൽപന്ന നിർമ്മാണവും വിപണനവും ചെയ്യാൻ ശ്രദ്ധിക്കണം. മുഖ്യമന്ത്രി കൂട്ടിച്ചേർത്തു

2023 ൽ 5000 ൽ പരം മൂല്യവർധിത ഉത്പന്നങ്ങൾ കൃഷിക്കൂട്ടങ്ങൾ വഴി ഉണ്ടാക്കും. 2026 ഓടുകൂടി ഇതിന്റെ ഭാഗമായി പുതിയ മൂന്നു ലക്ഷം തൊഴിൽ അവസരങ്ങൾ ഉണ്ടാകും കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ഓരോ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും കൃത്യമായി വിപണനം ചെയ്യുന്നതിന് ആവശ്യമായ ആസൂത്രണം ചെയ്തിട്ടുണ്ട്. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്നതിൽ നിന്ന് അനവധി ഉൽപന്നങ്ങൾ നിർമ്മിക്കുന്ന രീതിയിലേക്ക് കൃഷിഭവൻ ഉയർന്നു കഴിഞ്ഞു. കേരളാഗ്രോ എന്ന ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിപണി കീഴടക്കുക തന്നെ ചെയ്യും. കൃഷിക്കാർക്കും പ്രത്യേകിച്ച് കാർഷിക മേഖലയ്ക്കും ഉജ്ജ്വലമായ ഒരു ഉണർവ് പകരുന്നതായിരിക്കും ഇത് മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ഉൽപ്പന്ന പ്രദർശന ഉദ്ഘാടനം കായിക ന്യൂനപക്ഷ ഹജ്ജ് വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹ്മാൻ നിർവഹിച്ചു. പെരിന്തൽമണ്ണ എം. എൽ. എ ശ്രീ. നജീബ് കാന്തപുരം, ശ്രീ. എം. പി.അബ്ദുൾ സമദ് സമദാനി എംപി., മുതിർന്ന കർഷകൻ ശ്രീ. ചക്കൻ ചെമ്പ്രംപള്ളിയാലിൽ എന്നിവർ മുഖ്യ അതിഥികളായി. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ- ജന പ്രതിനിധികൾ, കർഷകർ, സാമൂഹിക പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ ബി. അശോക് ഐഎഎസ് സ്വാഗതവും കൃഷിവകുപ്പ് ഡയറക്ടർ ശ്രീമതി. അഞ്ജു കെ എസ് നന്ദിയും പറഞ്ഞു.

# 'കരുതലും കൈത്താങ്ങും'

## ജില്ലാ തല മോണിറ്ററിങ് സമിതി രൂപീകരിക്കും: ബഹു. മന്ത്രി ശ്രീ. പി.പ്രസാദ്




കരുതലും കൈത്താങ്ങും എന്ന പേരിൽ സംസ്ഥാനത്ത് ആരംഭിച്ച പരാതി പരിഹാര അദാലത്തിന്റെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സേവനം ജനങ്ങൾക്ക് ഉടൻ ലഭ്യമാക്കുന്നതിനും ആയി ഒരു മോണിറ്ററിംഗ് സെൽ ജില്ലാ അടിസ്ഥാനത്തിൽ ആരംഭിക്കും എന്ന് മന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. തലശ്ശേരിയിൽ നടന്ന അദാലത്തിൽ മികച്ച പ്രതികരണമാണ് ജനങ്ങളുടെ പക്ഷത്തുനിന്ന് ഉണ്ടായത്. തലശ്ശേരി ബ്രണ്ണൻ ഹൈസ്കൂളിൽ വച്ച് നടന്ന കരുതലും കൈത്താങ്ങും എന്ന പരാതി പരിഹാര അദാലത്തിൽ വിശിഷ്ടാതിഥിയായി സംസാരിക്കുകയായിരുന്നു മന്ത്രി.

സർക്കാർ ഉദ്യോഗസ്ഥർ ജനസൗഹൃദ സമീപനം സ്വീകരിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്ക ക്ഷേമ ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞു. സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി തലശ്ശേരി താലൂക്ക്തല പരാതി പരിഹാര അദാലത്ത് കരുതലും കൈത്താങ്ങും തലശ്ശേരി ഗവ: ബ്രണ്ണൻ ഹയർ സെക്കണ്ടറി സ്കൂൾ അങ്കണത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ പരാതികൾക്ക് അതിവേഗത്തിൽ പരിഹാരമുണ്ടാക്കണം. അതത് സമയം പരാതികൾ പരിഹരിക്കാത്തത് വലിയ പ്രയാസം സൃഷ്ടിക്കും. ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുകയല്ല ഉദ്യോഗസ്ഥരുടെ ചുമതല. അവരുടെ പ്രയാസങ്ങൾക്ക് അതിവേഗം പരിഹാരം കാണുകയാണ് അദാലത്തിന്റെ ലക്ഷ്യം. ഇതിനുള്ള തുടക്കമാണ് കരുതലും കൈത്താങ്ങുമെന്ന അദാലത്ത്. ഇത് വഴി പരാതി പരിഹാര കാര്യത്തിൽ കേരളം മാതൃകയാവുംമന്ത്രി പറഞ്ഞു. സമൂഹത്തിൽ അവശേഷിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുകയാണ് ലക്ഷ്യം. ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണാൻ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒരുമിച്ച് പ്രവർത്തിക്കണം അതിനാണ് മന്ത്രിമാർ നേരിട്ട് ഇടപെടുന്നത്. മന്ത്രി ശ്രീ. കെ.രാധാകൃഷ്ണൻ പറഞ്ഞു. നിയമസഭാ സ്പീക്കർ അഡ്വ.എ.എൻ ഷംസീർ അധ്യക്ഷത വഹിച്ചു. ശ്രീ. കെ പി മോഹനൻ എം എൽ എ, തലശ്ശേരി നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. കെ എം ജമുന റാണി, ജില്ലാ ഡെവലപ്മെന്റ് കമ്മീഷണർ ശ്രീമതി. ഡി ആർ മേഘശ്രീ, സബ് കലക്ടർ ശ്രീ. സന്ദീപ് കുമാർ എന്നിവർ പങ്കെടുത്തു.

# കോൾഡ് സ്റ്റോറേജോടുകൂടിയ ഗോഡൗണുകൾ കാലഘട്ടത്തിന്റെ ആവശ്യം: ബഹു. മന്ത്രി ശ്രീ. പി. പ്രസാദ്

ആധുനിക സൗകര്യങ്ങൾ അടങ്ങിയ കോൾഡ് സ്റ്റോറേജുകൾ അടങ്ങിയ ഗോഡൗണുകൾ ആണ് ഇനി നമുക്ക് ആവശ്യം. കാർഷിക മേഖല വിപ്ലവകരമായ മാറ്റത്തിലൂടെ കടന്നു പോവുകയാണ്. ആധുനിക സാങ്കേതിക വിദ്യകൾ കൃഷിയെ ഏറെ മുന്നോട്ടു നയിച്ചിട്ടുണ്ട്. ഈ അവസരത്തിൽ പരമ്പരാഗത ഗോഡൗൺ ശൈലിയിൽ നിന്ന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കോൾഡ് സ്റ്റോറേജുകളിലേക്ക് നാം മാറേണ്ടതുണ്ട്. കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. കേരള സംസ്ഥാന വെയർഹൗസിംഗ് കോർ

പ്പറേഷൻ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ തലശ്ശേരി തലായിൽ നിർമ്മാണം പൂർത്തീകരിച്ച ഗോഡൗണിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നബാർഡ് വേർഹൗസ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് 167.5 ലക്ഷം രൂപ ചിലവഴിച്ച നിർമിച്ച പുതിയ ഗോഡൗണിന്റെ സംഭരണ ശേഷി 1255 മെടിക് ടൺ ആണ്. ഇതോടുകൂടി ഗോഡൗണിന്റെ ആകെ സംഭരണശേഷി 4525 മെടിക് ടൺ ആയി ഉയർന്നു.

നിയമസഭാ സ്പീക്കർ എൻ എം ഷംസീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ വടകര എം.പി., ശ്രീ. കെ മുരളീധരൻ മുഖ്യ അതിഥിയായി പങ്കെടുത്തു. കെ എസ് ഡബ്ല്യൂ സി മാനേജിംഗ് ഡയറക്ടർ ശ്രീ. എസ് അനിൽദാസ് റിപ്പോർട്ട് അവതരിപ്പിച്ചു. കെ എസ് ഡബ്ല്യൂ സി ചെയർമാൻ ശ്രീ. മുത്തുപ്പാണ്ടി സ്വാഗതവും കെ എസ് ഡബ്ല്യൂ സി എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. കണ്ണൻ എസ് വെളിന്തറ നന്ദിയും പറഞ്ഞു.




# ടി–ഫാം വയനാട് പ്രൊഡ്യൂസർ കമ്പനിയുടെ ഉദ്ഘാടനം ബഹു. കൃഷിമന്ത്രി ശ്രീ.പി.പ്രസാദ് നിർവ്വഹിച്ചു

പാഴായിപ്പോകുന്ന ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പുതിയ കാർഷികോത്പാദക കമ്പനി നിലവിൽ വരുന്നു. മാനന്തവാടി ആസ്ഥാനമായി ആരംഭിക്കുന്ന ടി-ഫാം വയനാട് പ്രൊഡ്യൂസർ കമ്പനിയുടെ ഉദ്ഘാടനവും സംസ്ഥാന കൃഷിവകുപ്പ് - ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം അനുവദിച്ച വാക്വം ഫ്രൈ യന്ത്രത്തിന്റെ ഉദ്ഘാടനവും കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് ചൊവ്വാഴ്ച വൈകുന്നേരം നാല് മണിക്ക് മാനന്തവാടി വള്ളിയൂർക്കാവിൽ നിർവ്വഹിച്ചു. നെല്ലിക്കയും കാന്താരിയും ചേർത്ത് പുറത്തിറക്കുന്ന അംല 12 എന്ന പുതിയ ഉത്പന്നത്തിന്റെയും റോബസ്റ്റ, അറബിക്ക കാപ്പികൾ ബ്ലെൻഡ് ചെയ്ത് പുറത്തിറക്കുന്ന കോഫി 12 ബ്ലെൻഡഡ് ഫിൽട്ടർ കോഫിയുടെയും റോബസ്റ്റ ഫൈൻ കോഫിയുടെയും ലോഞ്ചിംഗും ഇതോടനുബന്ധിച്ച് നടന്നു. തേറ്റമല ആസ്ഥാനമായി 2020 മുതൽ കാർഷികമേഖലയിൽ പ്രവർത്തിച്ചുവരുന്ന കൂട്ടായ്മയാണ് എഫ്.പി.ഒ.യായി രൂപീകൃതമായത്. 11 കർഷക താത്പര്യ സംഘങ്ങളും അമ്പതോളം കർഷകരുമാണ് ടി-ഫാം വയനാട് എഫ്.പി.ഒ.യിൽ ഓഹരി ഉടമകളായിട്ടുള്ളത്. ചക്ക, വാഴക്ക, കാപ്പി എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് പ്രധാനമായും വിപണിയിലെത്തിക്കുന്നത്. കൽപ്പറ്റ എൻ.എം.ഡി.സി.യിൽ ഈ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ഒണ്ടയങ്ങാടി വിൻസെന്റ് ഗിരിയിലെ പുതിയ കെട്ടിടത്തിലാണ് ഭക്ഷ്യസംസ്കരണ യൂണിറ്റും പ്രീമിയം വിൽപ്പന കൗണ്ടറും പ്രവർത്തിക്കുന്നത്. എണ്ണയുടെ അളവ് പരമാവധി കുറച്ച് രുചികരമായ വാക്വം ഫ്രൈ ചിപ്സ് പുറത്തിറക്കുകയാണ് ലക്ഷ്യം. ഒരു വർഷത്തിനുള്ളിൽ കയറ്റുമതി ലക്ഷ്യമിട്ട് ജാക്ക് 12 എന്ന പേരിൽ ചക്കയും , ബനാന 12 എന്ന പേരിൽ വാഴക്കയും കോഫി 12 എന്ന പേരിൽ കാപ്പിയും പുറത്തിറക്കും. ഉദ്ഘാടനചടങ്ങിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, എഫ്.പി.ഒ. പ്രതിനിധികൾ, കർഷക സംഘടനാ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.



# വെള്ളായണി കാർഷിക കോളേജിൽ ജൈവവള പരിശോധനയ്ക്കായി പുതിയ ലബോറട്ടറി




സർക്കാരിന്റെ നൂറ് ദിന പരിപാടികളുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് മണ്ണ് ശാസ്ത്ര വിഭാഗത്തിൽ സ്ഥാപിച്ച ജൈവവള ഗുണനിലവാര പരിശോധനാ റഫറൽ ലബോറട്ടറി കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ജൈവവള മേഖലയിലെ തട്ടിപ്പുകൾ തടയുന്നതിനും കർഷകരും ഗുണഭോക്താക്കളും വഞ്ചിതരാകാതിരിക്കാനും ഇത്തരം ലബോറട്ടറികളുടെ പ്രവർത്തനം സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു. ജൈവ കാർഷിക മിഷൻ യാഥാർഥ്യമാകുമ്പോൾ ലബോറട്ടറികളുടെ സേവനം സാധരണക്കാർക്കും വ്യാപകമായി പ്രയോജനപ്പെടുമെന്നും മന്ത്രി കൂട്ടിചേർത്തു.കോളേജിലെ തേൻ ഗുണനിലവാര പരിശോധന കേന്ദ്രം, സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി സെന്റർ എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

സർവകലാശാലയുടെ മെച്ചപ്പെട്ട ഇടപെടലുകൾ കേരളത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടാകണമെന്നും, ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിക്കണമെന്നും മന്ത്രി സൂചിപ്പിച്ചു. കാർഷിക സർവകലാശാലയുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ 'കേരളാഗ്രോ' ബ്രാൻഡിൽ ഉൾപ്പെടുത്തി ഓൺലൈൻ വിപണിയിൽ എത്തിക്കുംമെന്നും മന്ത്രി പറഞ്ഞു.

ജൈവവളങ്ങൾ പരിശോധിച്ച് അവയുടെ ഗുണനിലവാരം, മായം കലർത്തൽ എന്നിവ കണ്ടെത്തുന്നതിനും മണ്ണ്, ജലസേചനത്തിനുള്ള വെള്ളം ഇവ പരിശോധിച്ച് പോഷകമൂലകങ്ങൾ, മലിനീകരണ തോത് എന്നിവ നിർണയിക്കുന്നതിനുള്ള സംവിധാനങ്ങളും ലബോറട്ടറിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കർഷകർക്കും ഉത്പാദകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ലബോറട്ടറിയുടെ പ്രവർത്തനം പ്രയോജനകരമാകും. 2.79 കോടി രൂപ ചെലവഴിച്ചാണ് ലബോറട്ടറി സജ്ജീകരിച്ചത്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ, 2.65 കോടി രൂപ ചെലവിലാണ് തേൻഗുണനിലവാര പരിശോധന കേന്ദ്രം നിർമിച്ചത്. തേനീച്ച കർഷകർ, സ്ഥാപനങ്ങൾ, വ്യവസായ സംഘടനകൾ എന്നിവർക്ക് ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് തേനിന്റെ ഗുണനിലവാര പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകും.

ഗവേഷണ വികസനത്തിനും ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുമായി ആരംഭിച്ച സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ലബോറട്ടറിയ്ക്കായി, ദക്ഷിണമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സ്റ്റേഷൻ വൈസ് ഫണ്ടിംഗ്-സ്ട്രെങ്ത്തനിംഗ് ഓഫ് റിസർച്ച് ഫണ്ടിൽ നിന്നും 85 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മണ്ണ്, ജലം, സസ്യകലകൾ, കോശങ്ങൾ, സൂക്ഷ്മജീവികൾ എന്നിവ പരിശോധിച്ച് അപഗ്രഥനം നടത്തുന്നതിനായി ആർ.ടി-പിസിആർ, ഇൻവർട്ടഡ് മൈക്രോസ്കോപ്പ്, വാട്ടർ ക്വാളിറ്റി അനലൈസർ, നാനോഡ്രോപ്പ് തുടങ്ങിയവയും സജ്ജീകരിച്ചിട്ടുണ്ട്.

വെള്ളായണി കാർഷിക കോളേജിൽ സംഘടിപ്പിച്ച ഉദ്ഘാടന സമ്മേളനത്തിൽ കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. കെ ചന്ദ്രകൃഷ്ണ അധ്യക്ഷത വഹിച്ചു. കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ. ബി. അശോക് ഐ എ എസ് മുഖ്യപ്രഭാഷണവും പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും പ്രൊഫസറുമായ ശ്രീമതി. ബി. റാണി പദ്ധതി വിശദീകരണവും നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ഫഗത് റൂഫസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. കെ. വസുന്ധരൻ, വാർഡ് മെമ്പർ ശ്രീ. ശ്രീജിൻ, പി പി എം സെൽ ഡയറക്ടർ ശ്രീമതി. ബീന ലക്ഷ്മൺ, ജനറൽ കൗൺസിൽ മെമ്പർ ശ്രീ. നവനീത് വേണുഗോപാൽ, കർഷക അവാർഡ് ജേതാവ് ശ്രീ. സുജിത് എസ് വി തുടങ്ങിയവർ സംസാരിച്ചു. മറ്റു ജനപ്രതിനിധികൾ, കാർഷിക സർവകലാശാല ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. കാർഷിക കോളേജ് ഡീൻ ഡോ. റോയി സ്റ്റീഫൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. കെ.എൻ അനിത് നന്ദി രേഖപ്പെടുത്തി.

# 'ആധുനിക സാങ്കേതിക വിദ്യകൾ കൃഷിയുടെ വളർച്ചയ്ക്ക് അനിവാര്യം' ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കൃഷിയുടെ വളർച്ചയ്ക്കും ഉല്പാദന വർദ്ധനവിനും ആധുനിക സാങ്കേതികവിദ്യ ഏറെ മാറ്റങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാർഷിക യന്ത്രവൽക്കരണം വ്യാപകമാക്കണം. ആവശ്യമായ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കും. ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോജനം പരമാവധി കൃഷിയിൽ പ്രയോഗിക്കുന്നതിനായി ആവശ്യമായ പരിശീലനം കർഷകർക്ക് ലഭ്യമാക്കും . കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. മാനന്തവാടി വള്ളിയൂർക്കാവ് ഗ്രൗണ്ടിൽ ഡ്രോണുകളുടെയും കാർഷിക യന്ത്രങ്ങളുടെയും സംസ്ഥാനതല വിതരണ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.




കൃഷി കർഷകന്റെ മാത്രം സ്വകാര്യമല്ല അത് സമൂഹത്തിന്റെ മുഴുവൻ കാര്യമാണ്. കാർഷിക ഇടപെടലുകളിൽ സമൂഹത്തിനും സർക്കാരിനും ഉത്തരവാദിത്വമുണ്ട്. കാർഷിക വളർച്ച സമൂഹത്തിന്റെ ആകെ വളർച്ചയുടെ സൂചികയാണ്. കേരളം ഇന്ന് കാർഷികവളർച്ചയുടെ പാതയിലാണ്.

പഴം പച്ചക്കറി മേഖലയിൽ സ്വയം പര്യാപ്തതയിലേക്ക് കേരളം മാറുകയാണ്. മലയാളികൾ ഇന്ന് ഉപഭോഗ സംസ്കാരത്തിന് അടിമ പെടുന്ന സാഹചര്യത്തിലേക്ക് പോകുന്ന എന്നത് ഒരു യാഥാർത്ഥ്യമാണ്.നാം ഓരോരുത്തരും നമുക്ക് ആവശ്യമായ പച്ചക്കറികൾ എങ്കിലും ഉത്പാദിപ്പിക്കുവാൻ സന്നദ്ധരാകണം.ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ഇത്തരത്തിലുള്ള കാർഷിക പുരോഗതിക്ക് കാരണമായിട്ടുണ്ട്. കൃഷിക്കൂട്ടങ്ങൾ വഴി ഉത്പാദനം, മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണം, വിപണനം തുടങ്ങിയവ നടത്തുന്നതിനായി ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വിളയെ അടിസ്ഥാനമാക്കിയ കൃഷിയിൽനിന്ന് വിളയിടത്തെ അടിസ്ഥാനമാക്കി ചെയ്യുന്ന കൃഷി രീതിയിലേക്ക് നാം മാറിക്കഴിഞ്ഞു.

കൃഷിക്കാരന് അന്തസാർന്ന ജീവിതം നയിക്കാൻ കഴിയണം. കർഷകന് മികച്ച വരുമാനം ഉണ്ടാക്കാൻ ഉത്പാദനം മാത്രം പോരാ ഉൽപ്പന്നത്തിൽ നിന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക വഴി മികച്ച വരുമാനം ഉണ്ടാക്കാൻ സാധിക്കും. അതിനാവശ്യമായ പരിശീലനം കൃഷിവകുപ്പ് നൽകും. കർഷകൻ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരള അഗ്രികൾച്ചർ മിഷന്റെയും കേരള അഗ്രോ ബിസിനസ് കമ്പനിയുടെയും സഹായത്തോടെ വിപണനം ചെയ്യാനുള്ള സംവിധാനം നിലവിൽ വരികയാണ്. ഓൺലൈൻ പ്ലാറ്റ്ഫോം വഴിയും അല്ലാതെയും ഉൽപ്പന്നം വിപണനം നടത്തും.

വന്യമൃഗ ശല്യം തടയുന്നതിനായി ക്രിയാത്മകമായ നടപടികൾക്ക് ഉടൻ രൂപം നൽകും. കാർഷിക വിളകളുടെ ഇൻഷുറൻസ് ഗുണകരമായ പുതിയ മാറ്റങ്ങളോടെ നിലവിൽ വരും. സാങ്കേതികവിദ്യയും നൂതന അറിവുകളും കർഷകർക്ക് നൽകുന്നതിന് ആവശ്യമായ പരിശീലനം നൽകും. മന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ വച്ച് തൊണ്ടർനാട് സ്മാർട്ട് കൃഷിഭവന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

മാനന്തവാടി വള്ളിയൂർക്കാവ് ഗ്രൗണ്ടിൽ വച്ച് നടന്ന പരിപാടിയിൽ മാനന്തവാടി എം എൽ എ ശ്രീ. ആർ കേളു അധ്യക്ഷത വഹിച്ചു. പത്മശ്രീ പുരസ്കാര ജേതാവ് ശ്രീ. ചെറുവയൽ രാമൻ പരിപാടിയിൽ പങ്കെടുത്തു. സംസ്ഥാന കാർഷിക എൻജിനീയർ ശ്രീ. വി. ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. സുൽത്താൻബത്തേരി എംഎൽഎ ശ്രീ. ഐ സി ബാലകൃഷ്ണൻ, വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഷംസാദ് മരക്കാർ, കൃഷിവകുപ്പ് സെക്രട്ടറി ഡോ. ബി. അശോക് ഐഎഎസ്, സമേതി ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ, വയനാട് ജില്ലാ കലക്ടർ ശ്രീമതി. രേണു രാജ് ഐഎഎസ്, കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. സുനിൽ, മറ്റ് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, മാനന്തവാടി നഗരസഭ ചെയർപേഴ്സൺ സി കെ രത്നവല്ലി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി, മാനന്തവാടി നഗരസഭ വൈസ് ചെയർമാൻ ജേക്കബ് സെബാസ്റ്റ്യൻ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സഫീന കെ എസ്, കർഷകർ സാമൂഹിക പ്രവർത്തകർ വിവിധ രാഷ്ട്രീയ നേതാക്കന്മാർ പരിപാടിയിൽ പങ്കെടുത്തു. സംസ്ഥാന കാർഷിക എൻജിനീയർ വി ബാബു സ്വാഗതവും കൃഷി എക്സിക്യൂട്ടീവ് എൻജിനീയർ മോഹനൻ സി കെ നന്ദിയും പറഞ്ഞു.

# 'പച്ചക്കറി പുഷ്പകൃഷിയുടെ മികവിന്റെ കേന്ദ്രം' കാർഷിക വികസനത്തിൽ മുതൽക്കൂട്ടാകും ബഹു. മന്ത്രി ശ്രീ. പി. പ്രസാദ്





ആധുനിക സാങ്കേതിക വിദ്യകൾ ഇന്ന് കൃഷിയിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നിലമൊരുക്കൽ മുതൽ വിപണി വരെ ഇന്ന് നാം ആധുനിക സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുന്നു. കൃഷിയുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതിക വിദ്യകൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും പച്ചക്കറി -പുഷ്പ കൃഷിയുടെ മികവിന്റെ കേന്ദ്രം ഇന്ന സുസജ്ജമാണ്. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറി- പുഷ്പവിളകളുടെ മികവിന്റെ കേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഇൻഡോ ഡച്ച് സംയുക്ത കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഈ പദ്ധതി പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും ആധുനിക കൃഷി സമ്പ്രദായങ്ങൾക്ക് പ്രചാരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആരംഭിച്ചിരിക്കുന്നത്.

വിളയെ അടിസ്ഥാനമാക്കിയ പദ്ധതിയിൽ നിന്നും വിളയിടത്തെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പദ്ധതികളിലേക്ക് നാം മാറിക്കഴിഞ്ഞു.10760 ഫാം പ്ലാനുകൾക്ക് അംഗീകാരം ആയി. ഇതിനായി 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്തവർഷം ഫാം പ്ലാൻ നടത്തിപ്പിനായി 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കർഷകർ വരുമാനത്തിനായി ഏകവിള കൃഷിയിൽ നിന്ന് ബഹുവിള കൃഷിയിലേക്ക് മാറേണ്ടത് അനിവാര്യമാണ്.മാത്രമല്ല ഓരോ കർഷകനും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റുന്നതിനും വിപണനം ചെയ്യുന്നതിനും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും കൃഷി വകുപ്പ് നൽകുന്നുണ്ട്.അത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

മികച്ച സാങ്കേതികവിദ്യകൾ അവലംബിച്ചു കൊണ്ടുള്ള പോളി ഹൗസ് കൃഷിയുടെയും തുറന്ന സ്ഥലത്തെ കൃത്യത കൃഷിയുടെയും മാതൃക പച്ചക്കറി പുഷ്പകൃഷിയുടെ മികവിന്റെ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.

ഈ കേന്ദ്രം ഏറ്റവും മികച്ച നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും ആധുനിക കൃഷി രീതി അവലംബിക്കുന്നതിന് ആവശ്യമായ പരിശീലനം കർഷകർക്ക് നൽകുന്നതിനും ഇന്ന് സജ്ജമായിട്ടുണ്ട്.

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നടന്ന പരിപാടിയിൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഷംസാദ് മരക്കാർ അധ്യക്ഷത വഹിച്ചു. നെതർലാൻഡ് എംബസി അഗ്രികൾച്ചർ അറ്റാഷേ റിക്ക് നോബൽ മുഖ്യപ്രഭാഷണം നടത്തി. അവാർഡ് ജേതാക്കളായ ശ്രീ. ചെറുവയൽ രാമൻ, ശ്രീ. അജി തോമസ് എന്നിവരെ ചടങ്ങിൽ മന്ത്രി ആദരിച്ചു. കർഷകോൽപാദന കമ്മീഷണറും കൃഷി പ്രിൻസിപ്പൽ സെക്രട്ടറിയും കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ബി അശോക് ഐഎഎസ് പദ്ധതി വിശദീകരണം നടത്തി. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീമതി. ആരതി എൽ ആർ ഐ ഇ എസ് സ്വാഗതവും ആർ എ ആർ എസ് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. അജിത് കുമാർ കെ നന്ദിയും പറഞ്ഞു.

# സ്വന്തമായി കൃഷി ചെയ്ത് വിളവെടുത്ത ഇഞ്ചി ഉണക്കി ബ്രാൻഡാക്കി കൃഷി ബഹു. മന്ത്രിക്ക് സമ്മാനിച്ച് കുട്ടുവും കുഞ്ചുവും

കൃഷിയിൽ തങ്ങൾക്ക് പ്രോത്സാഹനമായ സ്വന്തം കൃഷി മന്ത്രിക്ക് സമ്മാനമായി കുട്ടുവും കുഞ്ചുവും സമ്മാനിച്ചത് അവർ സ്വന്തമായി കൃഷി ചെയ്ത് വിളവെടുത്ത് ബ്രാൻഡ് ചെയ്ത ഉണക്കിയ ഇഞ്ചി. കൃഷി വകുപ്പ് മാനന്തവാടിയിൽ സംഘടിപ്പിച്ച സംസ്ഥാന തല പരിപാടിക്ക് കൃഷി മന്ത്രി പി.പ്രസാദ് എത്തിയപ്പോഴാണ് സമൂഹ മാധ്യമങ്ങളിൽ കുട്ടുവും കുഞ്ചുവും എന്നറിയപ്പെടുന്ന ചങ്ങാലിക്കാവിൽ ശ്രീ. എയ്ഡൻ വർക്കി ഷിബുവും സഹോദരൻ എയ്ഡ്രിയാൻ ജോൺ ഷിബുവും വെള്ളമുണ്ടയിൽ നിന്നും മന്ത്രിയെ കാണാനെത്തിയത് .

ഒന്നര വർഷം മുമ്പ് ഇവരുടെ കൃഷിയെക്കുറിച്ച് കേട്ടറിഞ്ഞ മന്ത്രി ശ്രീ. പി.പ്രസാദ് ഇവർക്ക് ആശംസകൾ നേർന്ന് വീഡിയോ സന്ദേശം അയച്ചിരുന്നു. 2021-ലെ വിദ്യാർത്ഥി കർഷക അവാർഡ് ജേതാക്കൾ കൂടിയാണ് ഇരുവരും.

തങ്ങളുടെ കൃഷി വിവരങ്ങൾ പൂർണ്ണമായും ചിത്രീകരിച്ച് കുട്ടുകുഞ്ചു എന്ന പേരിൽ യൂട്യൂബ് ചാനൽ വഴി സംപ്രേക്ഷണം ചെയ്യുന്നുമുണ്ട്.

കഴിഞ്ഞ വർഷം ഇവർ തോട്ടത്തിലും വീട്ട് മുറ്റത്ത് ഗ്രോബാഗിലുമായി കൃഷി ചെയ്ത ഇഞ്ചി ഉണക്കി



വീട്ടിൽ തന്നെ സൂക്ഷിച്ചിരുന്നു. ഇത് മാനന്തവാടി ആസ്ഥാനമായ ടിഫാം വയനാട് പ്രൊഡ്യൂസർ കമ്പനിയുടെ സഹായത്തോടെ പാക്ക് ചെയ്ത് ജിഞ്ചർ 12 എന്ന പേരിൽ ബ്രാൻഡ് ചെയ്താണ് മന്ത്രിക്ക് സമ്മാനിച്ചത്. പായ്ക്കിൽ കൃഷിക്കാരന്റെ വിവരങ്ങൾ എന്ന സ്ഥലത്ത് സ്റ്റുഡന്റ് ഫാർമർ കുട്ടുകുഞ്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളുടെ ഈ പ്രവർത്തനം ആവേശവും പ്രചോദനവുമാണെന്ന് പറഞ്ഞ കൃഷി മന്ത്രി ഇരുവരെയും ചേർത്ത് പിടിച്ച് അഭിനന്ദിച്ചു.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തംഗം ശ്രീ. ഒ.ആർ.കേളുവും ജില്ലാ പഞ്ചായത്തംഗം ശ്രീ. ജുനൈദ് കൈപ്പാണിയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

# 'കരുതലും കൈത്താങ്ങും' ആശ്വാസം പകർന്ന് മന്ത്രി തല സംഘം

സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ താലൂക്ക് തല പരാതി പരിഹാര അദാലത്തിനു തളിപ്പറമ്പിൽ തുടക്കം കുറിച്ചു.

തളിപ്പറമ്പ് താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ വച്ച് നടന്ന അദാലത്ത് ദേവസ്വം, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി ശ്രീ. കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കല്യാശ്ശേരി എം.എൽ.എ, ശ്രീ. എം വിജിൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് മുഖ്യാതിഥിയായി പങ്കെടുത്തു. മന്ത്രിമാരുടെ നേതൃത്വത്തിൽ ഒട്ടേറെ പരാതികൾക്ക് ഉടൻ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞതും അദാലത്തിൽ ശ്രദ്ധേയമായി. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പരാതി വന്നത് തളിപ്പറമ്പ് താലൂക്കിൽ നിന്നാണ്. ഭൂരിപക്ഷം പരാതികളും പ്രാദേശികമായി തന്നെ പരിഹരിക്കാവുന്നതാണ്. ഉദ്യോഗസ്ഥ തലത്തിൽ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാവുകയാണെങ്കിൽ ഒട്ടേറെ പരാതികൾക്ക് ഉടൻ പരിഹാരം ഉണ്ടാവാൻ സാധിക്കും. മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞു. ചടങ്ങിൽ എ.ഡിഎം. ശ്രീ. കെ.കെ. ദിവാകരൻ സ്വാഗതവും ആർ.ഡി.ഒ. ശ്രീമതി. മേഴ്സി ഇ.പി നന്ദിയും പറഞ്ഞു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh